സഹകരണരംഗത്തുനിന്നും പെൻഷൻപറ്റിയവർക്കുവേണ്ടി ക്ഷേമ പ്രവർത്തനങ്ങൾ

85 [3599] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സഹകരണ ജീവനക്കാരുടെ ക്ഷേമനിധിയിലും, പെൻഷൻ ഫണ്ടിലും എത്ര തുക ഇപ്പോൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ തുക സഹകരണരംഗത്ത് നിന്നും പെൻഷൻപറ്റി പിരിയുന്നവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുവാനുള്ള ഏതെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ക്ഷേമനിധിബോർഡിന് 14 ജില്ലാ സഹകരണ ബാങ്കുകളിലായി ഇപ്പോൾ 23 കോടി രൂപ സ്ഥിരനിക്ഷേപമായി ഉണ്ട്. ഈ തുക കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പലിശ ഉൾപ്പെടെ പുതുക്കി അതാത് ബാങ്കുകളിൽ തന്നെ നിക്ഷേപിക്കുകയാണ് ചെയ്തുവരുന്നത്. പെൻഷൻ ബോർഡിന് 14 ജില്ലാ സഹകരണ ബാങ്കുകളിലായി 150.28 കോടി രൂപ നിക്ഷേപമായി ഉണ്ട്.

(ബി) & (സി) പെൻഷൻ ബോർഡ് ഈ തുക പെൻഷൻപറ്റി പിരിയുന്നവർക്ക് പെൻഷൻ നൽകുന്നതിനാണ് വിനിയോഗിക്കുന്നത്. വെൽഫെയർ ബോർഡ് ഈ തുക പെൻഷൻപറ്റി പിരിയുന്ന ജീവനക്കാർക്ക് (ജീവനക്കാരുടെ വിഹിതവും മാനേജ്മെന്റ് വിഹിതവും) റീ ഫണ്ട് ഇനത്തിൽ തിരികെ നൽകുന്നു. ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെയും ഡി. എ. യുടെയും 8.33% പെൻഷൻ ഫണ്ടിലേക്ക് അടച്ചുകൊണ്ടും, ജീവനക്കാരുടെ പേരിലുള്ള കോൺട്രി ബ്യൂട്ടറി ഫണ്ടിലെ സംഘങ്ങളുടെ നിലവിലുള്ള വിഹിതം മാറ്റിക്കൊണ്ടുമാണ് ഈ ഫണ്ട് സ്വരൂപിക്കുന്നത്. ഇങ്ങനെ സ്വരൂപിക്കുന്ന ഫണ്ടും അത് നിക്ഷേപിച്ച് ലഭിക്കുന്ന പലിശയും ഉപയോഗിച്ചാണ് പെൻഷൻ നൽകിവരുന്നത്. മറ്റു ക്ഷേമപ്രവർത്തനങ്ങൾക്കൊന്നും നിലവിൽ ക്ഷേമനിധിബോർഡും പെൻഷൻ ബോർഡും രൂപം നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly